

# അനുദിന പ്രാർത്ഥനകൾ

# അനുദിന
# പ്രാർത്ഥനകൾ

Mar Louis Publications, Kochi - 31

Malayalam
**Anudina Prarthanakal**

1st Edition : Aug. 2003
13th Edition : Mar 2026

Compiled by:
**Luise Pullan**, Mattoor, Kalady.
Phone: 9400408533

Nihil Obstat:
**Fr. Jacob Aeranat, Ernakulam**

Imprimatur :
**Mar Thomas Chakiath**
Ernakulam-Angamaly Archdiocese

*Printed at*
Alwaye Press

*Published by:*
Mar Louis Publications, Kochi - 31
Ph:0484-2352110
website: www.marlouiskochi.com
e-mail: marlouiskochi@gmail.com

Price: Rs.15/-

# അനുദിന പ്രാർത്ഥനകൾ

## ഉള്ളടക്കം

1. വ്യക്തിപരമായ പ്രഭാത പ്രാർത്ഥന... 05

2. കരുണക്കൊന്ത.............................. 40

3. തിരുഹൃദയ ജപമാല...................... 42

4. പരിശുദ്ധ മാതാവിന്റെ ജപമാല........44

5. രാത്രിജപം.................................... 61

*"നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരമരുളും; നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ, എന്ന് അവിടുന്ന് മറുപടി തരും" (ഏശയ്യാ. 58:9) .*

**വ്യക്തിപരമായ പ്രഭാതപ്രാർത്ഥന ആരംഭിക്കുന്നതിനുമുമ്പു ഒന്നു ശ്രദ്ധിക്കൂ:**

- *ഏകാഗ്രമായി പ്രാർത്ഥിക്കുവാൻ സാധിക്കുന്ന സ്ഥലം പ്രാർത്ഥനയ്ക്കായി തിരഞ്ഞെടുക്കുക. ചമ്രം പടിഞ്ഞിരുന്ന് നട്ടെല്ല് നിവർത്തി ശരീരമയച്ച് കണ്ണുകളടച്ച് ശ്വാസം ദീർഘമായെടുക്കുകയും വിടുകയും ചെയ്ത് മനസ്സും ശരീരവും ഉന്മേഷമുള്ളതാക്കുക. (രാവിലെ അഞ്ചിനും ആറിനും ഇടയ്ക്കുള്ള സമയമാണ് ഏറ്റവും ഉത്തമം)*

- *പ്രാർത്ഥന ആരംഭിക്കുമ്പോൾ ഹൃദയം ദൈവത്തിനു സമർപ്പിച്ച് എളിമയോടും വിശ്വാസത്തോടുംകൂടി പ്രാർത്ഥിക്കുക.*

- *പ്രാർത്ഥന വായിച്ചുപോകുവാനുള്ളതല്ല. അത് ദൈവവുമായുള്ള സംഭാഷണമായിരിക്കണം.*

- *ആരോടെങ്കിലും വെറുപ്പും വിരോധവും ഉണ്ടെങ്കിൽ അവരോടു ക്ഷമിച്ചു പ്രാർത്ഥിക്കുക. ചെയ്തുപോയ പാപങ്ങളെ ഓർത്ത് പശ്ചാത്തപിച്ച് ദൈവത്തോട് മാപ്പു ചോദിക്കുകയും മേലിൽ പാപം ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുകയും ചെയ്യുക.*

# 1. വ്യക്തിപരമായ പ്രഭാതപ്രാർത്ഥന

## ഒന്നാം ഭാഗം



ഭൂസ്വർഗ്ഗങ്ങളിൽ നിറഞ്ഞു നിൽക്കുന്ന പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിതൈക ദൈവമേ, ഞാൻ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

*(ഇരുകരങ്ങളും ഹൃദയത്തോടു ചേർത്തുവച്ച് കണ്ണുകളടച്ചുകൊണ്ട്)*

എന്നിൽ ജീവിക്കുന്ന ആബാ പിതാവേ, ഞാൻ അങ്ങയെ സ്തുതിക്കുന്നു. എന്നിൽ ജീവിക്കുന്ന യേശുവേ, ഞാൻ അങ്ങയെ സ്തുതിക്കുന്നു. എന്നിൽ ജീവിക്കുന്ന പരിശുദ്ധാത്മാവേ, ഞാൻ അങ്ങയെ സ്തുതിക്കുന്നു. അവിടുന്ന് എനിക്ക് നൽകിക്കൊണ്ടിരിക്കുന്ന നിരവധിയായ അനുഗ്രഹങ്ങൾക്ക് നന്ദി പറയുന്നു.

എന്റെ ഈശോ, ഞാൻ അങ്ങയെ ഏറ്റവുമധികമായി സ്നേഹിക്കുന്നു. സ്നേഹരാജനായ ഈശോനാഥാ എന്റെ ആത്മാവും ശരീരവും, മനസ്സും മനസ്സാക്ഷിയും, ചിന്തയും ഭാവനയും ബുദ്ധിയും, പഞ്ചേന്ദ്രിയങ്ങളും

എന്റെ സർവ്വസ്വവും ഞാൻ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. ഞാൻ പാപിയും ബലഹീനനുമാണ്. എന്റെ പാപങ്ങൾ അങ്ങ് ക്ഷമിക്കണമേ. എന്നിലുള്ള എല്ലാ അശുദ്ധിയും അവിടുത്തെ തിരുരക്തത്താൽ കഴുകി എന്നെ വിശുദ്ധീകരിക്കണമേ.

എന്റെ ദിവ്യരക്ഷകാ എന്റെ ആത്മശരീരങ്ങൾക്കു ആവശ്യമായവ എന്തെല്ലാമെന്ന് അങ്ങ് നന്നായി അറിഞ്ഞിരിക്കുന്നുവല്ലോ. അങ്ങ് അറിയുന്നതുപോലെയും മനസ്സാകുന്നതുപോലെയും എന്നെ ആശീർവദിക്കണമേ. എന്റെ ആത്മശരീരങ്ങളെ ശുദ്ധീകരിക്കണമേ. നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ. നിനക്കു അനിഷ്ടമായ

നിസ്സാര പാപം പോലും ചെയ്യാതിരിക്കുവാനുള്ള മനസ്സ് എനിക്ക് തരണമേ. ദൃഢവിശ്വാസവും ശക്തിയുള്ള ശരണവും തീക്ഷ്ണമായ സ്നേഹവും ഐഹികാസക്തികളിൽ വിരസതയും എനിക്ക് തരണമേ. നിന്നിൽനിന്ന് പിരിഞ്ഞു പോകുവാൻ എന്നെ അനുവദിക്കരുതേ. ദുഷ്ടശത്രുക്കളിൽ നിന്ന് എന്നെ കാത്തു രക്ഷിച്ചുകൊള്ളണമേ. പരിശുദ്ധ അമ്മേ, എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ. എനിക്ക് എപ്പോഴും അമ്മയുടെ വിമല ഹൃദയത്തിൽ അഭയം തരണമേ. സ്വർഗ്ഗവാസികളായ മാലാഖമാരേ, പരിശുദ്ധന്മാരേ, നിങ്ങളും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

എന്റെ ഈശോ ഈ ദിവസം

എനിക്ക് തന്നതിനെയോർത്ത് ഞാൻ അങ്ങേയ്ക്ക് നന്ദിപറയുന്നു. ഇന്ന് ലോകം മുഴുവൻ അർപ്പിക്കപ്പെടുന്ന ദിവ്യബലികളിൽ, സമർപ്പിക്കപ്പെടുന്ന അപ്പത്തിനോടും വീഞ്ഞിനോടുമൊപ്പം എന്നേയും എന്റെ കുടുംബത്തേയും സമർപ്പിക്കുന്നു. തിരുവചനത്താൽ അപ്പവും വീഞ്ഞും അങ്ങേ തിരുശരീര -രക്തങ്ങളായി മാറുന്നുവല്ലോ. ആ തിരുശരീര-രക്തങ്ങളാൽ ഞങ്ങൾ സംരക്ഷിതരാകട്ടെ. പാപബന്ധനങ്ങളിൽനിന്നും ശാപബന്ധനങ്ങളിൽനിന്നും ഞങ്ങൾ മോചിതരാകട്ടെ. ഞങ്ങളുടെ പൂർവ്വികരുടെ ആത്മാക്കൾ നിത്യരക്ഷ പ്രാപിക്കട്ടെ. ഈശോ എന്ന രക്ഷാകര നാമത്തിൽ ഞങ്ങൾ സംരക്ഷിതരാകട്ടെ.

*(സ്വാതന്ത്രമായി അല്പനേരം സ്തുതിക്കുക)*

*(ഇന്നേ ദിവസം ചെയ്യുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ ഓർക്കുക. അവ ഈശോയ്ക്കു സമർപ്പിക്കുക. ജോലി സ്ഥലത്തെ അഥവാ പഠനസ്ഥലത്തെ സാഹചര്യങ്ങളെ സമർപ്പിക്കുക)*

യേശുവേ, ഇന്നത്തെ എന്റെ എല്ലാ പ്രവർത്തനങ്ങളും ഞാൻ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. അങ്ങ് എന്നെ നിയന്ത്രിക്കണമേ. എന്റെ ഉത്തരവാദിത്തങ്ങൾ ആത്മാർത്ഥതയോടെ നിർവ്വഹിക്കുവാനും അതുവഴി അങ്ങയുടെ മഹത്വം ഉയർത്തിപ്പിടിക്കുവാനും ഇടയാക്കണമേ. പരിശുദ്ധാത്മാവിന്റെ വരങ്ങളും ദാനങ്ങളും


ഫലങ്ങളും എന്നിൽ നിറയ്ക്ക ണമേ. മറ്റുള്ളവർക്ക് ഒരു മാതൃക യായി, യേശുവിന്റെ ഒരു സാക്ഷി യായി വർത്തിക്കുവാൻ ഇടയാക്ക ണമേ. അങ്ങയുടെ ഒരു ഉപകര ണമായി എന്നെ മാറ്റണമേ. നിത്യം പിതാവും പുത്രനും പരി ശുദ്ധാത്മാവുമായ സർവ്വേശ്വരാ.

ആമ്മേൻ.

---

*"പ്രഭാതത്തിൽ ഉണർന്ന് അവിടുത്തെ അന്വേഷിക്കുന്നവനു കൃപ ലഭിക്കും."*
*(പ്രഭാഷകൻ 32:14)*

*"പരീക്ഷയിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ"*
*(ലൂക്കാ. 22:46)*



## രണ്ടാം ഭാഗം

# 1. ആരാധന, സ്തുതി, നന്ദി

*(ഈശോയുടെ രൂപം മനസ്സിൽ ധ്യാനിക്കുക)*

ഈശോയേ ഞാൻ നിന്നെ ആരാധിക്കുന്നു, സ്തുതിക്കുന്നു, മഹത്വപ്പെടുത്തുന്നു, നന്ദി പറയുന്നു. ഈശോ നീയാണെന്റെ ദൈവം, നീയാണെന്റെ ശക്തി, നീയാണെന്റെ ജീവൻ, നീയെന്റെ ശരണം, നീയെന്റെ ആശ്രയം, നീയാണെന്റെ സർവ്വസ്വവും. ഞാൻ നിന്നെ ആരാധിക്കുന്നു.

*ഗാനം*

ആരാധനയ്ക്കു യോഗ്യനേ നിന്നെ
ഞങ്ങൾ
ആരാധിച്ചീടുന്നിതാ.
ആഴിയും ഊഴിയും നിർമ്മിച്ച
നാഥനെ
ആത്മാവിൽ ആരാധിക്കാം
കർത്താവിനെ
നിത്യം സ്തുതിച്ചീടും ഞാൻ

സ്രഷ്ടാവായ ദൈവമേ ഞാൻ അങ്ങയെ ആരാധിക്കുന്നു. എന്നെ സൃഷ്ടിച്ചവനേ ഞാൻ അങ്ങയെ ആരാധിക്കുന്നു. എന്നെ പരിപാലിക്കുന്നവനേ ഞാൻ അങ്ങയെ ആരാധിക്കുന്നു.

പ്രപഞ്ചത്തെയാകെ കാത്തു സംരക്ഷിക്കുന്ന ദൈവമേ ഞാൻ അങ്ങയെ സ്തുതിക്കുന്നു. ഞങ്ങളുടെ കുടുംബത്തെ എല്ലാ ആപത്തുകളിൽനിന്നും കാത്തു പരി

പാലിക്കുന്ന ദൈവമേ ഞാൻ അങ്ങയെ സ്തുതിക്കുന്നു. സ്നേഹമാകുന്ന ത്രിത്വൈക ദൈവമേ ഞാൻ അങ്ങയെ സ്തുതിക്കുന്നു.

*ഗാനം*

സ്തുതി സ്തുതി എൻ മനമേ
സ്തുതികളിലുന്നതനേ-നാഥൻ
നാൾതോറും ചെയ്ത
നന്മകളോർത്തു
പാടുക നീയെന്നും മനമേ

കർത്താവായ ദൈവമേ അവിടുന്ന് എനിക്ക് നല്കിയിട്ടുള്ളതും നല്കിക്കൊണ്ടിരിക്കുന്നതുമായ നിരവധിയായ അനുഗ്രഹങ്ങൾക്ക് ഞാൻ അങ്ങേയ്ക്ക് നന്ദി പറയുന്നു.

*(താഴെ കൊടുത്തിരിക്കുന്നവയിൽ തനിക്കുള്ളതിനൊക്കെയും നന്ദി പറയുക)*

മാതാപിതാക്കൾ, സഹോദരി സഹോദരന്മാർ, ബന്ധുമിത്രങ്ങൾ, ഉപകാരികൾ, എനിക്കു ലഭിച്ച വിദ്യാഭ്യാസം, ജോലി, ജീവിത പങ്കാളി, മക്കൾ, വീട്, വാഹനം, മറ്റു സൗകര്യങ്ങൾ, കൂടാതെ ഈ ദിവസങ്ങളിൽ പ്രത്യേകമായി ലഭിച്ച അനുഗ്രഹങ്ങൾ ഇവയ്ക്കൊക്കെയും ഞാൻ നന്ദി പറയുന്നു.

*ഗാനം*

നന്ദി ദൈവമേ നന്ദി ദൈവമേ
നിത്യവും നിത്യവും നന്ദി ദൈവമേ
അങ്ങു തന്ന ദാനത്തിനായ്
നന്ദിയേകിടാം
അങ്ങു തന്ന സ്നേഹത്തിനായ്
നന്ദിയേകിടാം
നന്മരൂപനെ നല്ല ദൈവമേ

## 2. സമർപ്പണം, വിശുദ്ധീകരണം

*(നമുക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ട യേശുവിന്റെ കുരിശിൻ ചുവട്ടിൽ നിൽക്കുന്നതായി സങ്കൽപ്പിക്കുക. നമുക്കുള്ളതെല്ലാം ഈശോയ്ക്ക് വിട്ടുകൊടുക്കുക. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുവാൻ ശക്തിയുള്ളവന്റെ അടുക്കലാണ് എല്ലാം സമർപ്പിക്കുന്ന തെന്ന് ഉറച്ചു വിശ്വസിക്കുക. മനസ്സിനെ ഏകാഗ്രതയിലേക്ക് കൊണ്ടുവരിക.)*

### a) ആത്മാവ്, മനസ്സാക്ഷി, മനസ്സ്, ചിന്തകൾ, ഭാവനകൾ, ബുദ്ധി

ഈശോനാഥാ എന്റെ ആത്മാവിനെ ഞാൻ അങ്ങേ പക്കൽ സമർപ്പിക്കുന്നു. എന്റെ ആത്മാവ് ദൈവാത്മാവുമായി ലയിച്ചു ചേരു

ന്നതിന് തടസ്സമായിട്ടുള്ള എല്ലാ അശുദ്ധിയും അവിടുത്തെ തിരുരക്തത്താൽ വിശുദ്ധീകരിക്കണമേ.

എന്റെ മനസ്സാക്ഷിയെ ഞാൻ സമർപ്പിക്കുന്നു. എന്റെ മനസ്സാക്ഷിയിലുള്ള തെറ്റായ ബോദ്ധ്യങ്ങളെ അവിടുത്തെ തിരുരക്തത്താൽ കഴുകി വിശുദ്ധീകരിക്കണമേ.

ഈശോയേ എന്റെ അബോധമനസ്സിനേയും ഉപബോധമനസ്സിനേയും സുബോധമനസ്സിനേയും ഞാൻ സമർപ്പിക്കുന്നു. എന്റെ മനസ്സിനേറ്റ മുറിവുകൾ അവിടുത്തെ തിരുകാസയിലേക്ക് ഞാൻ സമർപ്പിക്കുന്നു. യേശുവേ അവിടുത്തെ തിരുരക്തത്താൽ എന്നെ കഴുകി വിശുദ്ധീകരിക്കണമേ.

ഈശോയേ എന്റെ ചിന്താശക്തിയേയും ഭാവനാശക്തിയേയും ഞാൻ സമർപ്പിക്കുന്നു. എന്റെ ചിന്തയിലും ഭാവനയിലും നിലകൊള്ളുന്ന അശുദ്ധിയുടെ മേഖലകളൊക്കെയും ഞാൻ സമർപ്പിക്കുന്നു. *(ചിന്തയിലൂടെ ചെയ്തിട്ടുള്ള പാപങ്ങൾ മനസ്സിലേക്ക് കൊണ്ടുവരിക. അവയെക്കുറിച്ചോർത്ത് മനസ്തപിക്കുക.)* എന്റെ ബുദ്ധിശക്തിയെ ഞാൻ സമർപ്പിക്കുന്നു. എന്റെ ഹൃദയത്തെ ഞാൻ സമർപ്പിക്കുന്നു. അവിടുത്തെ തിരുരക്തത്താൽ എന്നെ ശുദ്ധീകരിക്കണമേ. ഏകാഗ്രതയോടെ പ്രാർത്ഥിക്കുവാൻ എന്നെ സഹായിക്കണമേ.

*ഗാനം*

തിരുരക്തത്താൽ കഴുകണമേ
നിത്യാത്മാവേ എൻ ഹൃദയം
തിരുരക്തത്താൽ കഴുകണമേ
നിത്യാത്മാവേ എൻ മനസ്സാക്ഷി

## b)ശരീരവും പഞ്ചേന്ദ്രിയങ്ങളും

എന്റെ ഈശോയേ എന്റെ ശിരസ്സിനെ ഞാൻ സമർപ്പിക്കുന്നു. *(ശിരസ്സ് നമിക്കുക).* എന്റെ ശരീരത്തെ മുഴുവനായി ഞാൻ സമർപ്പിക്കുന്നു. *(ശരീരത്തിലെ എല്ലാ അവയവങ്ങളും വിശിഷ്യ അസുഖമുള്ള ഭാഗമുണ്ടെങ്കിൽ പ്രത്യേകമായും മനസ്സിൽ ഓർത്തു സമർപ്പിക്കുക).* എന്റെ ശരീര അവയവങ്ങൾകൊണ്ട് ചെയ്തിട്ടുള്ള എല്ലാ പാപങ്ങളും ഞാൻ അങ്ങേ തിരുമുമ്പിൽ സമർപ്പിക്കുന്നു. എന്നോട് ക്ഷമിക്കണമേ. *(പലപ്രാവശ്യായി*

*ചെയ്തിട്ടുള്ള പാപങ്ങളോർത്ത് ക്ഷമ ചോദിക്കുക)* അവിടുത്തെ തിരുരക്തത്താൽ എന്റെ ശരീരത്തെ കഴുകി വിശുദ്ധീകരിക്കണമേ. അവിടുത്തെ തിരുരക്തത്തിന്റെ സംരക്ഷണം എനിക്കു തരണമേ.

ഈശോനാഥാ, എന്റെ പഞ്ചേന്ദ്രിയങ്ങളായ കണ്ണ്, കാത്, മൂക്ക്, നാക്ക്, ത്വക്ക് എന്നിവ ഞാൻ പ്രത്യേകം സമർപ്പിക്കുന്നു. എന്റെ കണ്ണുകളിലൂടെ കണ്ടിട്ടുള്ള അശുദ്ധമായ കാഴ്ചകളും കാതിൽക്കൂടി കേട്ടിട്ടുള്ള അശുദ്ധമായ സ്വരങ്ങളും എന്റെ നാവിലൂടെ പറഞ്ഞിട്ടുള്ള വേദനിപ്പിക്കുന്ന സംസാരങ്ങളും ഞാൻ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. എന്റെ പഞ്ചേന്ദ്രിയങ്ങളിലൂടെ ചെയ്തിട്ടുള്ള എല്ലാ പാപങ്ങളും എന്നോട് ക്ഷമിക്കണമേ. *(ഓരോ പാപവും ഓർത്ത് ക്ഷമ ചോദിക്കുക)*

അവിടുത്തെ തിരുരക്തത്താൽ കഴുകി എന്നെ ശുദ്ധീകരിക്കണമേ.

മിശിഹായുടെ ദിവ്യാത്മാവേ!

- എന്നെ ശുദ്ധീകരിക്കണമേ!

മിശിഹായുടെ തിരുശ്ശരീരമേ

- എന്നെ രക്ഷിക്കണമേ!

മിശിഹായുടെ തിരുരക്തമേ

- എന്നെ ലഹരി പിടിപ്പിക്കണമേ!

മിശിഹായുടെ തിരുവിലാവിലെ വെള്ളമേ

- എന്നെ കഴുകണമേ!

മിശിഹായുടെ കഷ്ടാനുഭവമേ

- എന്നെ ധൈര്യപ്പെടുത്തണമേ!

നല്ല ഈശോ

-എന്റെ അപേക്ഷ കേൾക്കണമേ!

അങ്ങേ തിരുമുറിവുകളുടെ ഇടയിൽ

- എന്നെ മറച്ചുകൊള്ളണമേ!

അങ്ങയിൽ നിന്ന് പിരിഞ്ഞുപോകുവാൻ

- എന്നെ അനുവദിക്കരുതേ!

ദുഷ്ട ശത്രുക്കളിൽ നിന്നും
-എന്നെ കാത്തുകൊള്ളണമേ!
എന്റെ മരണനേരത്ത്
- എന്നെ അങ്ങേ പക്കലേയ്ക്ക് വിളിക്കണമേ
അങ്ങേ പരിശുദ്ധന്മാരോടുകൂടെ നിത്യമായി അങ്ങയെ സ്തുതിക്കുന്നതിന്
- അങ്ങേ അടുക്കൽ വരുവാൻ എന്നോട് കല്പിക്കണമേ.
ഹൃദയ ശാന്തതയും എളിമയുമുള്ള ഈശോ
- എന്റെ ഹൃദയം അങ്ങേ ദിവ്യഹൃദയത്തിന് ഒത്തതാക്കിയരുളണമേ!

*(യേശു തന്റെ തിരുരക്തം കൊണ്ട് എന്നെ ശുദ്ധീകരിക്കുന്നതായി മനസ്സിൽ കണ്ടു കൊണ്ട് കുറച്ചുനേരം സ്തുതിക്കുക.)*

## C) ബലഹീനതകൾ

എന്നിൽ വസിക്കുന്ന ത്രീയേക ദൈവമേ എന്റെ എല്ലാ ബലഹീനതകളേയും അങ്ങേയ്ക്ക് ഞാൻ സമർപ്പിക്കുന്നു. എന്റെ ഈശോ

യേ എന്റെ തഴക്കദോഷങ്ങൾ, സ്വാർത്ഥത, അഹങ്കാരം, വെറുപ്പ്, വിദ്വേഷം, അസൂയ, വൈരാഗ്യം, മുൻകോപം, ആസക്തികൾ, ദുഷ്ചിന്തകൾ, നിരാശ, അപകർഷതാബോധം, മറ്റുള്ളവരെ വിധിക്കുന്ന പ്രവണത, മറ്റുള്ളവരോട് ക്ഷമിക്കുവാൻ സാധിക്കാത്ത അവസ്ഥ, പ്രാർത്ഥനയിലുള്ള ശുഷ്കാന്തിക്കുറവ് എന്നിവ ഞാൻ അവിടുത്തെ തിരുസന്നിധിയിൽ സമർപ്പിക്കുന്നു. *(ഓരോന്നും പ്രത്യേകം ഓർത്ത് സമർപ്പിക്കുക).* അവിടുന്ന് എന്നെ വിശുദ്ധീകരിക്കണമേ. എന്നെ ദ്രോഹിക്കുന്നവരോട് പൂർണ്ണമായും ക്ഷമിക്കുവാൻ എനിക്ക് ശക്തി തരണമേ. അവിടുത്തെ കൃപാസമുദ്രത്തിൽ എന്റെ പാപങ്ങ

ളുടെയും കടങ്ങളുടെയും കറ കഴുകി എന്നെ വിശുദ്ധീകരിക്കണമേ. നിർമ്മലമായ ഒരു ഹൃദയവും, എല്ലാം ക്ഷമിക്കുവാനുള്ള മനസ്സും എനിക്ക് തരണമേ.

*(ആരോടെങ്കിലും അല്പമെങ്കിലും വെറുപ്പോ വിദ്വേഷമോ ഉണ്ടോയെന്ന് ഓർക്കുക. അങ്ങനെയുണ്ടെങ്കിൽ 29-ാം പേജിൽ കൊടുത്തിരിക്കുന്ന 'ക്ഷമിക്കുന്നതിനുള്ള പ്രാർത്ഥന' ചൊല്ലുക).*

## d) ജീവിത സാഹചര്യങ്ങൾ

എന്നിൽ ജീവിക്കുന്ന സർവ്വശക്തനായ ദൈവമേ എന്റെ ജീവിത സാഹചര്യങ്ങളെ ഞാൻ അങ്ങയുടെ മുമ്പിൽ സമർപ്പിക്കുന്നു.

*(താഴെപ്പറയുന്നവയിൽ തനിക്കുള്ളത് മനസ്സിൽ കൊണ്ടുവന്നു സമർപ്പിച്ച് പ്രാർത്ഥിക്കുക. ഓരോ ആവശ്യങ്ങളും പ്രത്യേകം ഓർക്കുക).*

- മാതാപിതാക്കൾ,
- സഹോദരിസഹോദരങ്ങൾ
- ജീവിതപങ്കാളി, മക്കൾ
- എന്റെ പഠനം, ജോലി
- വീട്, വാഹനം മുതലായവ.

## 3. ശക്തീകരണം

*ഗാനം*

ആത്മാവേ പരിശുദ്ധാത്മാവേ (2)
എൻ ഹൃദയത്തിൽ വാഴും ആത്മാവേ
നിറയണമേ എന്നിൽ നിറയണമേ
ജീവജലത്തിൻ അരൂപിയാൽ
നിറഞ്ഞു കവിഞ്ഞൊഴുകണമേ
സ്നേഹാഗ്നി ജ്വാലയായ്
എന്നിൽ കത്തിപ്പടരണമേ (ആത്മാവേ..)

എന്നിൽ വസിക്കുന്ന പരിശുദ്ധാത്മാവേ അങ്ങയുടെ ദാനങ്ങളും ഫലങ്ങളും വരങ്ങളും കൊണ്ട് എന്നെ നിറയ്ക്കണമേ.

*(ആത്മാവിന്റെ നിറവിനായി ആഗ്രഹിച്ചുകൊണ്ട് പരിശുദ്ധാത്മാവ് തീനാവിന്റെ രൂപത്തിൽ തന്നിലേയ്ക്ക് വരുന്നതായി കണ്ടുകൊണ്ട്, കുറച്ചു നേരം സ്തുതിക്കുക. ഹല്ലേലൂയ്യ, ഹല്ലേലൂയ്യ ....)*

## 4. സംരക്ഷണ പ്രാർത്ഥന

എന്റെ ഈശോ, അങ്ങയുടെ തിരുവിലാവിലെ തിരുമുറിവിൽ എന്നേയും എന്റെ കുടുംബാംഗങ്ങളേയും വസ്തുവകകളേയും പ്രവർത്തനമേഖലകളേയും ഞാൻ സമർപ്പിക്കുന്നു. അങ്ങയുടെ തിരുവിലാവിലെ തിരുമുറിവിനാൽ ഞങ്ങളെ സംരക്ഷിക്കണമേ. പരിശുദ്ധ കന്യകാമറിയമേ

ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കണമേ. വിശുദ്ധ യൗസേപ്പിതാവേ, മാർ തോമാ ശ്ലീഹായേ, വിശുദ്ധ യൂദാശ്ലീഹായേ, വിശുദ്ധ സെബസ്ത്യാനോസേ, വിശുദ്ധ അന്തോണീസേ, വിശുദ്ധ ഗീവർഗ്ഗീസേ, വിശുദ്ധ ഫ്രാൻസിസ് സേവ്യറേ, വിശുദ്ധ അൽഫോൻസാമ്മേ, കാവൽ മാലാഖമാരേ ഞങ്ങൾക്ക് തുണയായിരിക്കണമേ.

### 5. മദ്ധ്യസ്ഥ പ്രാർത്ഥന

*(ആത്മാവിന്റെ പ്രേരണ അനുസരിച്ച് മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുക. അവരുടെ പ്രത്യേക ആവശ്യങ്ങളോർത്ത് പ്രാർത്ഥിക്കുക.)*

സഹോദരി സഹോദരന്മാർ, അവരുടെ മക്കൾ, ബന്ധുമിത്രാദികൾ, അയൽവാസികൾ, രോഗികൾ, ദാരിദ്രമനുഭവിക്കുന്നവർ, പുരോഹിതർ, പ്രേക്ഷിത വേല ചെയ്യുന്നവർ, പ്രത്യേകം പ്രാർത്ഥനാ

സഹായം ആവശ്യപ്പെട്ടവർ, എന്നെ ദ്രോഹിച്ചവർ, എന്നോടു പിണങ്ങിയിരിക്കുന്നവർ എന്നിവർക്കു വേണ്ടി പ്രാർത്ഥിക്കുക. നാടിനും, രാജ്യത്തിനും, ലോക സമാധാനത്തിനുംവേണ്ടി പ്രാർത്ഥിക്കുക.

### 6. ദൈവസ്വരം ശ്രവിക്കുക

*(ബൈബിൾ കയ്യിലെടുത്ത് പ്രാർത്ഥിക്കുക, സുവിശേഷഭാഗം വായിക്കുക, തുടർന്ന് ഇരുകരങ്ങളും ഹൃദയത്തോട് ചേർത്തുവെച്ച് കണ്ണുകൾ അടച്ച്, ഏകാഗ്രതയോടെ നമ്മിൽ വസിക്കുന്ന ദൈവവുമായി സംസാരിക്കുക.)*

### 7. പ്രതിജ്ഞ

എന്റെ ഈശോ, ഇന്നേ ദിവസം എന്റെ ഉത്തരവാദിത്തങ്ങൾ ആത്മാർത്ഥതയോടെ നിർവ്വഹിക്കുകയും മറ്റുള്ളവർക്ക് മാതൃകയായും അവിടുത്തേയ്ക്കു സാക്ഷിയായും ഞാൻ പ്രവർത്തി

ക്കുകയും ചെയ്തു കൊള്ളാം. വിചാരത്താലോ വാക്കാലോ പ്രവൃത്തിയാലോ ഞാൻ അങ്ങയെ വേദനിപ്പിക്കില്ലെന്നും അവിടുന്ന് എനിക്ക് ദാനമായി നൽകിയതോ രോന്നും എന്റെ സഹജീവികളു മായി ആവുന്ന വിധത്തിൽ പങ്കു വയ്ക്കുന്നതാണെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

******

## ക്ഷമിക്കുന്നതിനുള്ള പ്രാർത്ഥന

*(മറ്റുള്ളവരോട് വെറുപ്പ് വച്ചു പുലർ ത്തുമ്പോൾ നമുക്ക് ദൈവാനുഗ്രഹം ലഭിക്കുകയില്ല. തിന്മ മാത്രമേ ഉണ്ടാകൂ.)*

ഈശോ പറയുന്നു: ''നീ ബലിപീഠ ത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരന്, നിന്നോട് എന്തെങ്കി

ലും വിരോധം ഉണ്ടെന്ന് അവിടെ വച്ച് ഓർത്താൽ കാഴ്ചവസ്തു അവിടെ ബലിപീഠത്തിനു മുമ്പിൽ വച്ചിട്ട് പോയി സഹോദരനോടു രമ്യതപ്പെടുക; പിന്നെ വന്നു കാഴ്ചയർപ്പിക്കുക.” *(മത്തായി 5:23,24)*.

*(ഏതെങ്കിലും വ്യക്തിയോട് ക്ഷമിക്കേണ്ടതുണ്ടെങ്കിൽ.... ആ വ്യക്തിയേയും വ്യക്തിയുടെ പേരും മനസ്സിൽ കണ്ടുകൊണ്ട് കണ്ണുകളടച്ച് ധ്യാനപൂർവ്വം....)*

എന്നിൽ വസിക്കുന്ന ത്രീയേക ദൈവമേ ഈ വ്യക്തിയെ (പേര്) അങ്ങുടെ തിരുസന്നിധിയിൽ സമർപ്പിക്കുന്നു. എന്നെയും സമർപ്പിക്കുന്നു. ഈ വ്യക്തിയോട് (പേര്) ഞാൻ പൂർണ്ണമായും ക്ഷമിക്കുന്നു. ഞങ്ങളെ അനുരഞ്ജിപ്പിക്കണമേ. ഈ മകനേയും/മകളേയും എന്നെയും അനുഗ്രഹിക്കണമേ. പരിശുദ്ധാത്മാവായ

ദൈവമേ, എന്റെ അബോധമനസ്സിലും ഉപബോധമനസ്സിലും, സുബോധമന സ്സിലും ഈ മകനോ ടുള്ള വെറുപ്പ്, വൈരാഗ്യം എന്നിവയെ നിർമ്മാർ ജ്ജനം ചെയ്യണമേ. ഈശോയുടെ തിരുരക്തത്താൽ കഴുകി വിശുദ്ധീകരി ക്കണമേ.*(അല്പനേരം സ്തുതിച്ചു പ്രാർത്ഥിക്കുക.)*

*(ക്ഷമിക്കപ്പെടുവാൻ ഒന്നിലധികം വ്യക്തികളുണ്ടെങ്കിൽ ഓരോ വ്യക്തി യേയും അവരുടെ പേരും സഹിതം മനസ്സിൽ കൊണ്ടുവന്ന് അവരോട് പൂർണ്ണമായും ക്ഷമിക്കുക. തുടർന്ന് കണ്ണുകളടച്ച് പ്രാർത്ഥിക്കുക. മരിച്ചു പോയ വ്യക്തിയാണെങ്കിൽ ആ വ്യക്തിയെ അകക്കണ്ണുകൊണ്ട് കണ്ട് ആ വ്യക്തിയുടെ ആത്മാവിനോട് എന്നവിധം പ്രാർത്ഥിക്കുക. ആ വ്യക്തിയോടുള്ള വെറുപ്പ് പൂർണ്ണമായും ക്ഷമിച്ചുവെന്ന് ബോദ്ധ്യപ്പെടുന്നതു വരെ പ്രാർത്ഥന ചെല്ലണം).*

## 91–ാം സങ്കീർത്തനം

*(കർത്താവിന്റെ സംരക്ഷണം)*

“അത്യുന്നതന്റെ സംരക്ഷണത്തിൽ വസിക്കുന്നവനും, സർവ്വശക്തന്റെ തണലിൽ കഴിയുന്നവനും, കർത്താവിനോട് എന്റെ സങ്കേതവും എന്റെ കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയും. അവിടുന്നു നിന്നെ വേടന്റെ കെണിയിൽനിന്നും മാരകമായ മഹാമാരിയിൽ നിന്നും രക്ഷിക്കും. തന്റെ തൂവലുകൾ കൊണ്ട് അവിടുന്നു നിന്നെ മറച്ചു കൊള്ളും; അവിടുത്തെ ചിറകുകളുടെ കീഴിൽ നിനക്ക് അഭയം ലഭിക്കും; അവിടുത്തെ വിശ്വസ്തത നിനക്ക് കവചവും പരിചയും ആയിരിക്കും.

രാത്രിയിലെ ഭീകരതയെയും പകൽ പറക്കുന്ന അസ്ത്രത്തെയും

നീ ഭയപ്പെടേണ്ട. ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയെയും, നട്ടുച്ചയ്ക്കു വരുന്ന വിനാശത്തെയും നീ പേടിക്കേണ്ട. നിന്റെ പാർശ്വങ്ങളിൽ ആയിരങ്ങൾ മരിച്ചു വീണേക്കാം; നിന്റെ വലതു വശത്തു പതിനായിരങ്ങളും; എങ്കിലും നിനക്ക് ഒരനർത്ഥവും സംഭവിക്കുകയില്ല.

ദുഷ്ടരുടെ പ്രതിഫലം നിന്റെ കണ്ണുകൾകൊണ്ടുതന്നെ നീ കാണും. നീ കർത്താവിൽ ആശ്രയിച്ചു; അത്യുന്നതനിൽ നീ വാസമുറപ്പിച്ചു. നിനക്ക് ഒരു തിന്മയും ഭവിക്കുകയില്ല; ഒരനർത്ഥവും നിന്റെ കൂടാരത്തെ സമീപിക്കുകയില്ല.

നിന്റെ വഴികളിൽ നിന്നെ കാത്തുപാലിക്കാൻ അവിടുന്നു തന്റെ ദൂതന്മാരോട് കല്പിക്കും. നിന്റെ പാദം കല്ലിൽ തട്ടാതിരിക്കാൻ അവർ നിന്നെ

കൈകളിൽ വഹിച്ചുകൊള്ളും.

സിംഹത്തിന്റേയും അണലിയുടേയുംമേൽ നീ ചവിട്ടി നടക്കും; യുവസിംഹത്തെയും സർപ്പത്തെയും നീ ചവിട്ടി മെതിക്കും.

അവൻ സ്നേഹത്തിൽ എന്നോട് ഒട്ടിനിൽക്കുന്നതിനാൽ ഞാൻ അവനെ രക്ഷിക്കും; അവൻ എന്റെ നാമം അറിയുന്നതുകൊണ്ട് ഞാൻ അവനെ സംരക്ഷിക്കും.

അവൻ എന്നെ വിളിച്ചപേക്ഷിക്കുമ്പോൾ ഞാൻ ഉത്തരമരുളും; അവന്റെ കഷ്ടതയിൽ ഞാൻ അവനോടു ചേർന്നു നിൽക്കും; ഞാൻ അവനെ മോചിപ്പിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യും. ദീർഘായുസ്സു നൽകി ഞാൻ അവനെ സംതൃപ്തനാക്കും; എന്റെ രക്ഷ ഞാൻ അവനു കാണിച്ചുകൊടുക്കും.”

## കരുണയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന

കർത്താവേ കരുണയായിരിക്കണമേ. ഞങ്ങളുടെമേൽ കരുണയായിരിക്കേണമെ. കർത്താവേ ഞങ്ങളെ ശിക്ഷിക്കരുതേ. ഞങ്ങളും ഞങ്ങളുടെ മാതാപിതാക്കളും, സഹോദരങ്ങളും, ബന്ധുമിത്രാദികളും, പൂർവ്വികരുംവഴി വന്നുപോയ എല്ലാ പാപങ്ങളും അപരാധങ്ങളും അകൃത്യങ്ങളും അവിടന്നു പൊറുക്കേണമെ. ഞങ്ങളുടെ കടങ്ങൾ ഇളച്ചു തരണമേ. ഞങ്ങളുടെയും ലോകം മുഴുവന്റെയും പാപങ്ങൾക്ക് പാപപരിഹാരബലിയായിത്തീർന്ന യേശുവിന്റെ തിരുമുറിവുകളുടെയും ഞങ്ങൾക്കുവേണ്ടി ചീന്തിയ തിരുരക്തത്തിന്റെയും യോഗ്യതകളെ പരിഗണിച്ച്

ഞങ്ങളുടെ പാപങ്ങളും ക്ഷമിച്ച് കടങ്ങളും പൊറുക്കണമേ. ദുഷ്ട പിശാചിന്റെ പിടിയിൽനിന്നും എല്ലാ തിന്മകളിൽനിന്നും ഞങ്ങ ളെ രക്ഷിക്കണമെ. ഞങ്ങളെ അങ്ങയുടെ സ്വന്തമായി സ്വീക രിച്ച് അവിടുത്തെ അരൂപിയാൽ നിറയ്ക്കണമേ. ആമ്മേൻ.

## വി. മിഖായേൽ മാലാഖയോടുള്ള പ്രാർത്ഥന

മുഖ്യദൂതനായ വി. മിഖാ യേലെ, സ്വർഗ്ഗീയ സൈന്യ ങ്ങളുടെ പ്രതാപവാനായ പ്രഭോ, ഉന്നതശക്തികളോടും അധികാര ങ്ങളോടും ഇരുളടഞ്ഞ ഈ ലോകത്തിലെ ഭരണകർത്താ ക്കളോടും ഉപരിതലങ്ങളിലെ ദുരാ ത്മാക്കളോടുമുള്ള യുദ്ധത്തിൽ ഞങ്ങളെ സഹായിക്കണമേ.

ദൈവം സ്വന്തം ഛായയിൽ സൃഷ്ടിക്കുകയും വലിയ വില കൊടുത്ത് വീണ്ടെടുക്കുകയും ചെയ്ത മനുഷ്യരെ പിശാചിന്റെ ക്രൂരഭരണത്തിൽ നിന്നും രക്ഷിക്കുവാൻ വരണമെ. അങ്ങയെ ആണല്ലോ തിരുസഭ തന്റെ പരിപാലകനും സംരക്ഷകനുമായി വണങ്ങുന്നത്. കർത്താവു രക്ഷിച്ച ആത്മാക്കളെ സ്വർഗ്ഗത്തിലേക്കു



കൂട്ടികൊണ്ടുപോകുവാൻ നിയുക്തനായിരിക്കുന്നത് അങ്ങു തന്നെയാണല്ലോ. ആകയാൽ ഞങ്ങളുടെ പാദങ്ങളുടെ കീഴിൽ പിശാചിനെ അടിമപ്പെടുത്തുവാൻ സമാധാന ദാതാവായ ദൈവത്തോടു പ്രാർത്ഥി

ക്കണമെ. പിശാച് ഒരിക്കലും മനുഷ്യരെ കീഴ്പ്പെടുത്തുകയോ തിരുസഭ യെ ഉപദ്രവിക്കുകയോ ചെയ്യാതി രിക്കട്ടെ.

കർത്താവിന്റെ കരുണ വേഗം ഞങ്ങളുടെമേൽ ഉണ്ടാകുന്ന തിനായി ഞങ്ങളുടെ യാചനകൾ അത്യുന്നതന്റെ മുമ്പിൽ സമർപ്പി ക്കണമെ. ദുഷ്ടജന്തുവും പഴയ സർപ്പവുമായ സാത്താനേയും അവന്റെ കൂട്ടുകാരെയും പിടിച്ചു കെട്ടി പാതാളത്തിൽ തള്ളി താഴ്ത്തണമെ. അവൻ മേലാൽ ഒരിക്കലും ഞങ്ങളെ വഴി തെറ്റിക്കാതി രിക്കട്ടെ.

ആമ്മേൻ.

## വാഹനയാത്രയ്ക്ക് മുമ്പ് ചൊല്ലാവുന്ന പ്രാർത്ഥന

കാരുണ്യവാനായ ഈശോ നാഥാ, എന്റെ യാത്രയെ അങ്ങയുടെ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. എന്നേയും ഈ വാഹനത്തേയും ഇതിൽ സഞ്ചരിക്കുന്ന എല്ലാവരേയും അതോടൊപ്പം മറ്റ് വാഹനങ്ങളേയും യാത്രക്കാരേയും അങ്ങയുടെ തിരുരക്തത്തിന്റെ കോട്ടയാൽ പൊതിഞ്ഞു സംരക്ഷിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

ആമ്മേൻ.

---

*''രക്ഷിക്കാൻ കഴിയാത്തവിധം കർത്താവിന്റെ കരം കുറുകിപ്പോയിട്ടില്ല; കേൾക്കാനാവാത്തവിധം അവിടുത്തെ കാതുകൾക്ക് മാന്ദ്യം സംഭവിച്ചിട്ടില്ല'' (ഏശയ്യാ 59:1)*

## 2. കരുണക്കൊന്ത

*(വാഴ്ത്തപ്പെട്ട ഹൗസ്റ്റീനാവഴി കർത്താവ് ലോകത്തിനു നൽകിയ പ്രാർത്ഥന.)*



പ്രാരംഭം:

പിതാവിന്റെയും...
വിശ്വാസ പ്രമാണം
1 സ്വർഗ്ഗ., 1 നന്മ.,
1 ത്രിത്വ.

നിത്യപിതാവെ, ഞങ്ങളുടെയും ലോകം മുഴുവന്റെയും പാപങ്ങ ൾക്ക് പരിഹാരമായി അങ്ങയുടെ പ്രിയ പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശി ഹായുടെ തിരുശരീരവും തിരു രക്തവും ആത്മാവും ദൈവത്വവും അങ്ങേയ്ക്ക് ഞങ്ങൾ കാഴ്ച വയ്ക്കുന്നു. ആമ്മേൻ.

(വലിയ മണികളിൽ 1 പ്രാവശ്യം വീതം)

“ഈശോയുടെ അതിദാരുണമായ പീഡാസഹനത്തെക്കുറിച്ച്,

“ഞങ്ങളുടെമേലും
ലോകം മുഴുവന്റെമേലും,
കരുണയായിരിക്കണമെ.” .

*(ചെറിയ മണികളിൽ:10 പ്രാവശ്യം)*

ഓരോ രഹസ്യത്തിന്റെയും
അവസാനത്തിൽ
(മൂന്നുപ്രാവശ്യം) :

“പരിശുദ്ധനായ ദൈവമേ പരിശുദ്ധനായ ബലവാനെ പരിശുദ്ധനായ അമർത്യനെ ഞങ്ങളുടെ മേലും ലോകം മുഴുവന്റെമേലും കരുണയായിരിക്കണമെ” .

അഞ്ചു രഹസ്യങ്ങളും
കഴിയുമ്പോൾ:
മനസ്താപപ്രകരണം,
1 സ്വർഗ്ഗ. 1 നന്മ.1. ത്രിത്വ.

# 3. തിരുഹൃദയ ജപമാല



(മിശിഹായുടെ ദിവ്യാത്മാവേ! -എന്നെ ശുദ്ധീകരിക്കണമേ! എന്നുതുടങ്ങുന്ന പ്രാർത്ഥന 21-ാം പേജിൽ കൊടുത്തിരിക്കുന്നത് ചൊല്ലുക. തുടർന്ന് 50 മണി ജപമാല.)

"ഈശോയുടെ മാധുര്യമുള്ള
തിരുഹൃദയമേ,
അങ്ങ് എന്റെ സ്നേഹ
മായിരിക്കണമേ"

*(10 പ്രാവശ്യം)*

ഓരോ ദശകത്തിന്റെയും അവസാനം :

മറിയത്തിന്റെ മാധുര്യമുള്ള ദിവ്യഹൃദയമേ!
-എന്റെ രക്ഷയായിരിക്കണമേ.

ഹൃദയ ശാന്തതയും എളിമയുമുള്ള ഈശോ!
-എന്റെ ഹൃദയം അങ്ങേ ദിവ്യഹൃദയത്തിന് ഒത്തതാക്കിയരുളണമേ!

## കാഴ്ചവയ്പ്പ്

'ഈശോയുടെ മാധുര്യമുള്ള
തിരുഹൃദയമേ!

- ഞങ്ങളുടെമേൽ
അലിവുണ്ടായിരിക്കണമേ.

അമലോത്ഭവ മറിയത്തിന്റെ
കറയില്ലാത്ത ദിവ്യഹൃദയമേ

- ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കണമേ.

തിരുഹൃദയത്തിന്റെ നാഥേ!

- ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കണമേ.

ഈശോയുടെ തിരുഹൃദയം
-എല്ലായിടത്തും സ്നേഹിക്കപ്പെടട്ടെ.

മരണവേദന അനുഭവിച്ച ഈശോ
യുടെ തിരുഹൃദയമേ!

-മരിക്കുന്നവരുടെമേൽ കൃപ
യായിരിക്കണമേ.

## 3. പരിശുദ്ധ ദൈവമാതാവിന്റെ ജപമാല

*(കുടുംബപ്രാർത്ഥനയിൽ വളരെ പ്രധാനപ്പെട്ട ജപമാല ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തോടുള്ള ഭക്തിയിൽ അധിഷ്ഠിതമാണ്. യേശുവിന്റെ ജീവിത സംഭവങ്ങൾ പുരസ്കരിച്ചുള്ള ധ്യാനാത്മകമായ പ്രാർത്ഥനയാണിത്. യാത്രാസമയങ്ങളിലും വിശ്രമസമയങ്ങളിലും മനസ്സിനേകാഗ്രത വേണ്ടാത്ത ജോലികൾ ചെയ്യുമ്പോഴും വ്യക്തിപരമായി ജപമാല ചൊല്ലാവുന്നതാണ്. രൂപതകൾ പ്രസിദ്ധീകരിക്കുന്ന പൊതുവായ ജപമാലയോ, ധ്യാനകേന്ദ്രങ്ങൾ പ്രസിദ്ധീകരിക്കുന്ന ധ്യാനാത്മകമായ ജപമാലയോ സമയലഭ്യതയനുസരിച്ച് ചൊല്ലാം. ജപമാല ചൊല്ലുമ്പോൾ യേശുവിന്റെ ജീവിത സംഭവങ്ങൾ മനസ്സിൽ ധ്യാനിച്ച് ഭക്തിയോടെ ചൊല്ലുവാൻ പ്രത്യേകം ശ്രദ്ധിക്കണം. ജപമാല പൊതുവായോ അഥവാ ഒരോ രഹസ്യത്തിനും പ്രത്യേക നിയോഗംവച്ചോ പ്രാർത്ഥിക്കുന്നത് ജപമാല അർത്ഥപൂർണ്ണമാക്കുവാൻ സഹായിക്കും.)*

# പ്രാരംഭപ്രാർത്ഥന



അളവില്ലാത്ത സകല നന്മ സ്വരൂപനായിരിക്കുന്ന സർവേശ്വരാ കർത്താവേ, എളിയവരും നന്ദിയറ്റ പാപികളുമായ ഞങ്ങൾ നിസ്സീമപ്രതാപവാനായ അങ്ങേ സന്നിധിയിൽ പ്രാർത്ഥിക്കുവാൻ അയോഗ്യരാകുന്നു. എങ്കിലും അങ്ങേ അനന്തമായ ദയയിൽ ശരണപ്പെട്ടുകൊണ്ട് പരിശുദ്ധ ദൈവമാതാവിന്റെ സ്തുതിക്കായി ജപമാലയർപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ അർപ്പണം ഭക്തിയോടും ശ്രദ്ധയോടുംകൂടെ ചെയ്യുന്നതിന് കർത്താവേ ഞങ്ങളെ സഹായിക്കണമേ.

## വിശ്വാസപ്രമാണം:

സർവ്വശക്തനായ പിതാവും...

സ്വർഗ്ഗസ്ഥനായ പിതാവെ ........

പിതാവായ ദൈവത്തിന്റെ മകളായിരിക്കുന്ന പരിശുദ്ധ മറിയമേ, ഞങ്ങളിൽ ദൈവവിശ്വാസമെന്ന പുണ്യമുണ്ടായി ഫലം ചെയ്യുന്നതിന് അങ്ങേ തിരിക്കുമാരനോട് അപേക്ഷിക്കണമേ. 1 നന്മ.

പുത്രനായ ദൈവത്തിന്റെ മാതാവായിരിക്കുന്ന പരിശുദ്ധ മറിയമേ, ഞങ്ങളിൽ ദൈവശരണമെന്ന പുണ്യമുണ്ടായി വളരുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ. 1 നന്മ.

പരിശുദ്ധാത്മാവായ ദൈവത്തിന് ഏററവും പ്രിയമുള്ള പരിശുദ്ധ മറിയമേ ഞങ്ങളിൽ ദൈവസ്നേഹമെന്ന പുണ്യമുണ്ടായി വർദ്ധിക്കുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ.

1 നന്മ. 1 ത്രിത്വ.

## കൊന്തയുടെ ഓരോ ദശകവും കഴിഞ്ഞു ചൊല്ലാവുന്ന ഫാത്തിമാ സുകൃതജപം

ഓ, എന്റെ ഈശോ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ, നരകാഗ്നി യിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ, എല്ലാ ആത്മാക്കളെയും വിശിഷ്യാ, അങ്ങേ സഹായം കൂടുതൽ ആവശ്യ മുള്ളവരേയും സ്വർഗ്ഗത്തിലേക്കാനയി ക്കണമേ.

*തുടർന്ന്*:

പരിശുദ്ധ ജപമാലയുടെ രാജ്ഞി!

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## സന്തോഷകരമായ രഹസ്യങ്ങൾ

(തിങ്കൾ, ശനി)

1. പരിശുദ്ധ ദൈവമാതാവ് ഗർഭം ധരിച്ച് ഈശോമിശിഹായേ പ്രസവി ക്കുമെന്ന മംഗളവാർത്ത ഗബ്രിയേൽ മാലാഖ ദൈവകല്പനയാൽ അറി യിച്ചു എന്നു ധ്യാനിക്കുക. .

*1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.*

2. പരിശുദ്ധ ദൈവമാതാവ്, ഏലീശ്വാ ഗർഭിണിയായ വിവരം കേട്ടപ്പോൾ ആ പുണ്യവതിയെ ചെന്നു കണ്ട് മൂന്നു മാസംവരെ അവൾക്കു ശ്രുശ്രൂഷ ചെയ്തു എന്നു ധ്യാനിക്കുക.

*1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.*

3. പരിശുദ്ധ ദൈവമാതാവ് തന്റെ ഉദരത്തിൽ ഉത്ഭവിച്ച ദൈവകുമാരനെ പ്രസവിപ്പാൻ കാലമായപ്പോൾ ബത്ലഹേം നഗരിയിൽ പാതിരായ്ക്കു പ്രസവിച്ച് ഒരു തൊഴുക്കൂട്ടിൽ കിടത്തി എന്നു ധ്യാനിക്കുക.

*1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.*

4. പരിശുദ്ധ ദൈവമാതാവ് തന്റെ ശുദ്ധീകരണത്തിന്റെ നാൾ വന്നപ്പോൾ ഈശോമിശിഹായെ ദൈവാലയത്തിൽ കൊണ്ടുചെന്നു ദൈവത്തിനു കാഴ്ച വച്ച് ശെമയോൻ എന്ന മഹാത്മാവിന്റെ കരങ്ങളിൽ ഏൽപ്പിച്ചു എന്നു ധ്യാനി ക്കുക.

*1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.*

5. പരിശുദ്ധ ദൈവമാതാവ് തന്റെ ദിവ്യകുമാരനു പന്ത്രണ്ടു വയസ്സായിരിക്കെ മൂന്നു ദിവസം അവിടുത്തെ കാണാതെ അന്വേഷിച്ചിട്ടു മൂന്നാംനാൾ ദേവാലയത്തിൽവച്ചു വേദശാസ്ത്രികളുമായി തർക്കിച്ചിരിക്കയിൽ അവിടുത്തെ കണ്ടെത്തി എന്ന് ധ്യാനിക്കുക.

*1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.*

## പ്രകാശത്തിന്റെ രഹസ്യങ്ങൾ
(വ്യാഴം)

1. നമ്മുടെ കർത്താവായ ഈശോമിശിഹാ യോർദ്ദാൻ നദിയിൽ മമ്മോദീസ സ്വീകരിച്ചപ്പോൾ പരിശുദ്ധാത്മാവ് അവിടുത്തെമേൽ എഴുന്നള്ളി വന്നതിനേയും "ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു." എന്ന് സ്വർഗ്ഗത്തിൽ നിന്ന് അരുളപ്പാടുണ്ടായതിനെയും കുറിച്ച് ധ്യാനിക്കുക.

*1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.*

2. നമ്മുടെ കർത്താവായ ഈശോ മിശിഹാ കാനായിലെ കല്യാണവിരുന്നിൽവച്ച് തന്റെ അമ്മയായ പരിശുദ്ധ കന്യാമറിയത്തിന്റെ അപേക്ഷ സ്വീകരിച്ച് അത്ഭുതകരമായി വെള്ളം വീഞ്ഞാക്കി തന്റെ മഹത്വം വെളിപ്പെടുത്തിയതിനെക്കുറിച്ച് ധ്യാനിക്കുക.

*1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.*

3. നമ്മുടെ കർത്താവായ ഈശോ മിശിഹാ ദൈവരാജ്യത്തിന്റെ ആഗമനം അറിയിച്ചുകൊണ്ട് അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവാൻ ആഹ്വാനം ചെയ്തതിനെക്കുറിച്ച് ധ്യാനിക്കുക.

*1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.*

4. നമ്മുടെ കർത്താവായ ഈശോ മിശിഹാ താബോർ മലയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ രൂപാന്തരപ്പെട്ടതിനെയും,"ഇവൻ എന്റെ പ്രിയപുത്രനാകുന്നു ഇവനെ നിങ്ങൾ ശ്രവിക്കുവിൻ" എന്ന സ്വർഗ്ഗീയ അരുളപ്പാടുണ്ടായതിനേയുംകുറിച്ച് ധ്യാനിക്കുക.

*1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.*

5. നമ്മുടെ കർത്താവായ ഈശോ മിശിഹാ അന്ത്യഅത്താഴവേളയിൽ നമ്മോടുള്ള സ്നേഹത്തിന്റെ ഉടമ്പടി യായി തന്റെ ശരീരരക്തങ്ങൾ പങ്കു വച്ചു നൽകുന്ന പരിശുദ്ധ കുർബ്ബാന സ്ഥാപിച്ചതിനെക്കുറിച്ച് ധ്യാനിക്കുക.

*1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.*

## ദു:ഖകരമായ രഹസ്യങ്ങൾ
(ചൊവ്വ, വെള്ളി)

1. നമ്മുടെ കർത്താവീശോമിശിഹാ പൂങ്കാവനത്തിൽ പ്രാർത്ഥിച്ചിരിക്കു മ്പോൾ രക്തം വിയർത്തു എന്നു ധ്യാനിക്കുക.

*1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.*

2. നമ്മുടെ കർത്താവീശോമിശിഹാ പീലാത്തോസിന്റെ വീട്ടിൽവച്ച് ചമ്മട്ടികളാൽ അടിക്കപ്പെട്ടു എന്നു ധ്യാനിക്കുക.

*1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.*

3. നമ്മുടെ കർത്താവീശോ മിശിഹാ യെ യൂദന്മാർ മുൾമുടി ധരിപ്പിച്ചു

എന്നു ധ്യാനിക്കുക.

*1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.*

4. നമ്മുടെ കർത്താവീശോമിശിഹാ മരണത്തിനു വിധിക്കപ്പെട്ടശേഷം തനിക്ക് അധികം അപമാനവും വ്യാകുലവു മുണ്ടാകുവാൻവേണ്ടി അവിടുത്തെ തിരുത്തോളിൻമേൽ ഭാരമുള്ള കുരിശുമരം ചുമത്തപ്പെട്ടു എന്നു ധ്യാനിക്കുക.

*1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.*

5. നമ്മുടെ കർത്താവീശോമിശിഹാ ഗാഗുൽത്താമലയിൽ ചെന്നപ്പോൾ വ്യാകുല സമുദ്രത്തിൽ മുഴുകിയ പരിശുദ്ധ മാതാവിന്റെ മുമ്പാകെ തിരുവസ്ത്രങ്ങളുരിഞ്ഞെടുക്കപ്പെട്ട് കുരിശിന്മേൽ തറയ്ക്കപ്പെട്ടു എന്ന് ധ്യാനിക്കുക.

*1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.*

## മഹിമയുടെ രഹസ്യങ്ങൾ

(ഞായർ, ബുധൻ)

1. നമ്മുടെ കർത്താവീശോമിശിഹാ പീഡ സഹിച്ച് മരിച്ചതിന്റെ മൂന്നാം നാൾ ജയസന്തോഷങ്ങളോടെ ഉയിർ ത്തെഴുന്നള്ളി എന്നു ധ്യാനിക്കുക.

*1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.*

2. നമ്മുടെ കർത്താവീശോമിശിഹാ തന്റെ ഉയിർപ്പിന്റെശേഷം നാല്പ താംനാൾ അത്ഭുതകരമായ മഹിമ യോടും ജയത്തോടുംകൂടെ തന്റെ ദിവ്യമാതാവും ശിഷ്യരും കണ്ടു കൊണ്ടു നിൽക്കുമ്പോൾ സ്വർഗ്ഗാ രോഹണം ചെയ്തു എന്നു ധ്യാനി ക്കുക.

*1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.*

3. നമ്മുടെ കർത്താവീശോമിശിഹാ പിതാവായ ദൈവത്തിന്റെ വലതു ഭാഗത്ത് എഴുന്നള്ളിയിരിക്കുമ്പോൾ സെഹിയോൻ ഊട്ടുശാലയിൽ ധ്യാനി ച്ചിരുന്ന കന്യകാമാതാവിന്റെ

മേലും ശ്ലീഹന്മാരുടെമേലും പരിശുദ്ധാത്മാവിനെ അയച്ചു എന്ന് ധ്യാനിക്കുക. *1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.*

4. നമ്മുടെ കർത്താവീശോമിശിഹാ ഉയിർത്തെഴുന്നള്ളി കുറെക്കാലം കഴിഞ്ഞപ്പോൾ കന്യകാമാതാവ് ഈ ലോകത്തിൽനിന്ന് മാലാഖമാരാൽ സ്വർഗ്ഗത്തിലേയ്ക്ക് കരേറ്റപ്പെട്ടുവെന്നു ധ്യാനിക്കുക.

*1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.*

5. പരിശുദ്ധദൈവമാതാവ് പരലോകത്തിൽ കരേറിയ ഉടനെ തന്റെ ദിവ്യകുമാരനാൽ സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജ്ഞിയായി മുടിധരിപ്പിക്കപ്പെട്ടുവെന്ന് ധ്യാനിക്കുക.

*1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.*

## ജപമാല സമർപ്പണം

മുഖ്യദൂതനായ വി. മിഖായേലേ, ദൈവദൂതൻമാരായ വി. ഗബ്രിയേലേ, വി. റപ്പായേലേ, മഹാത്മാവായ വി.യൗസേപ്പേ, ശ്ലീഹന്മാരായ

വി.പത്രോസേ, വി. പൗലോസേ, വി. യോഹന്നാനേ, ഞങ്ങളുടെ പിതാവായ മാർ തോമ്മാ ഞങ്ങൾ വലിയ പാപികളായിരിക്കുന്നു വെങ്കിലും ഞങ്ങൾ ജപിച്ച ഈ പ്രാർത്ഥന നിങ്ങളുടെ കീർത്തന ങ്ങളോടുകൂടെ ഒന്നായി ചേർത്തു പരിശുദ്ധ ദൈവമാതാവിന്റെ തൃപ്പാദ ത്തിങ്കൽ കാഴ്ച വയ്ക്കുവാൻ നിങ്ങളോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## ദൈവമാതാവിന്റെ ലുത്തിനിയ

കർത്താവേ അനുഗ്രഹിക്കണമേ,

- *കർത്താവേ ............*

മിശിഹായേ അനുഗ്രഹിക്കണമേ,

- മിശിഹായേ ...........

കർത്താവേ അനുഗ്രഹിക്കണമേ,

- കർത്താവേ ............

മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

- മിശിഹായേ ..........

ഞങ്ങളെ അനുഗ്രഹിക്കണമെ

സ്വർഗ്ഗസ്ഥനായ പിതാവായ ദൈവമേ,
ഭൂലോകരക്ഷകനായ പുത്രനായ ദൈവമേ,
പരിശുദ്ധാത്മാവായ ദൈവമേ
ഏകദൈവമായ പരിശുദ്ധ ത്രീത്വമേ,

ഞങ്ങളെ അനുഗ്രഹിക്കണമെ

പരിശുദ്ധ മറിയമേ,
ദൈവത്തിന്റെ പരിശുദ്ധജനനീ,
കന്യകകൾക്കു മകുടമായ
നിർമ്മല കന്യകേ,
മിശിഹായുടെ മാതാവേ,
ദൈവവരപ്രസാദത്തിന്റെ മാതാവേ,
തിരുസഭയുടെ മാതാവേ
കാരുണ്യത്തിന്റെ മാതാവേ
പ്രത്യാശയുടെ മാതാവേ
ഏറ്റം നിർമ്മലയായ മാതാവേ,
അത്യന്തവിരക്തയായ മാതാവേ,
കളങ്കമറ്റ കന്യകയായ മാതാവേ,
കന്യാത്വത്തിനു ഭംഗം വരാത്ത മാതാവേ,
സ്നേഹത്തിനു ഏറ്റം യോഗ്യയായ മാതാവേ,
അത്ഭുതത്തിനു വിഷയമായ മാതാവേ,
സദുപദേശത്തിന്റെ മാതാവേ,
സൃഷ്ടാവിന്റെ മാതാവേ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ

രക്ഷകന്റെ മാതാവേ,
ഏററം വിവേകമതിയായ കന്യകേ,
വണക്കത്തിനു ഏറ്റം യോഗ്യയായ കന്യകേ,
സ്തുതിക്കു യോഗ്യയായ കന്യകേ,
മഹാ വല്ലഭയായ കന്യകേ,
കനിവുള്ള കന്യകേ,
ഏറ്റം വിശ്വസ്ഥയായ കന്യകേ,
നീതിയുടെ ദർപ്പണമേ,
ദിവ്യജ്ഞാനത്തിന്റെ സിംഹാസനമേ,
ഞങ്ങളുടെ സന്തോഷത്തിന്റെ
കാരണമേ,
ആത്മജ്ഞാനപൂരിത പാത്രമേ,
ബഹുമാനത്തിന്റെ പാത്രമേ,
അത്ഭുതകരമായ ഭക്തിയുടെ പാത്രമേ,
ദൈവരഹസ്യം നിറഞ്ഞിരിക്കുന്ന
റോസാ പുഷ്പമേ,
ദാവീദിന്റെ കോട്ടയേ,
നിർമ്മലദന്തം കൊണ്ടുള്ള കോട്ടയേ,
സ്വർണ്ണാലയമേ,
വാഗ്ദാനത്തിന്റെ പേടകമേ,
സ്വർഗ്ഗത്തിന്റെ വാതിലേ,
ഉഷ:കാല നക്ഷത്രമേ,
രോഗികളുടെ ആരോഗ്യമേ,
പാപികളുടെ സങ്കേതമേ,
അഭയാർഥികളുടെ ആശ്വാസമേ

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

പീഡിതരുടെ ആശ്വാസമേ,
ക്രിസ്ത്യാനികളുടെ സഹായമേ,
മാലാഖമാരുടെ രാജ്ഞീ,
പൂർവ്വപിതാക്കന്മാരുടെ രാജ്ഞീ,
ദീർഘദർശികളുടെ രാജ്ഞീ,
ശ്ലീഹന്മാരുടെ രാജ്ഞീ,
വേദസാക്ഷികളുടെ രാജ്ഞീ,
വന്ദകന്മാരുടെ രാജ്ഞീ,
കന്യകകളുടെ രാജ്ഞീ,
സകല വിശുദ്ധരുടേയും രാജ്ഞീ,
അമലോത്ഭവയായ രാജ്ഞീ,
സ്വർഗ്ഗാരോപിതയായ രാജ്ഞീ,
പരിശുദ്ധ ജപമാലയുടെ രാജ്ഞീ,
കർമ്മലസഭയുടെ അലങ്കാരമായ രാജ്ഞീ,
സമാധാനത്തിന്റെ രാജ്ഞീ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന
ദിവ്യകുഞ്ഞാടേ,
- കർത്താവേ, ഞങ്ങളുടെ
പാപങ്ങൾ ക്ഷമിക്കണമേ.
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന
ദിവ്യകുഞ്ഞാടേ,
- കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന
കേൾക്കണമേ.

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന
ദിവ്യകുഞ്ഞാടേ,
-കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

സർവ്വേശ്വരന്റെ പുണ്യപൂർണ്ണയായ മാതാവേ, ഇതാ, ഞങ്ങൾ നിന്നിൽ അഭയം തേടുന്നു. ഞങ്ങളുടെ ആവശ്യനേരത്ത് ഞങ്ങളുടെ അപേക്ഷകൾ ഉപേക്ഷിക്കരുതേ, ഭാഗ്യവതിയും അനുഗ്രഹീതയുമായ കന്യകാ മാതാവേ, സകല ആപത്തുകളിൽ നിന്നും എപ്പോഴും ഞങ്ങളെ കാത്തുകൊള്ളണമേ.

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ..........
സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

**പ്രാർത്ഥിക്കാം.**

കർത്താവേ, പൂർണ്ണമനസ്സോടു കൂടി സാഷ്ടാംഗം വീണുകിടക്കുന്ന ഈ കുടുംബത്തെ തൃക്കൺപാർത്ത് നിത്യകന്യകയായ പരിശുദ്ധ മറിയ ത്തിന്റെ അപേക്ഷയാൽ സകല ശത്രുക്കളുടേയും ഉപദ്രവങ്ങളിൽ നിന്നു രക്ഷിച്ചുകൊള്ളണമേ. ഈ അപേ ക്ഷകളൊക്കെയും

ഞങ്ങളുടെ കർത്താവീശോമിശിഹായുടെ യോഗ്യതകളെക്കുറിച്ചു ഞങ്ങൾക്കു തരേണമേ. ആമ്മേൻ.

പരിശുദ്ധരാജ്ഞി .............

**നമുക്കു പ്രാർത്ഥിക്കാം**

സർവ്വശക്തനും നിത്യനുമായ സർവ്വേശ്വരാ, ഭാഗ്യവതിയായ മറിയത്തിന്റെ ആത്മാവും ശരീരവും പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്താൽ അങ്ങേ ദിവ്യപുത്രനു യോഗ്യമായ പീഠമായിരിപ്പാൻ ആദിയിൽ അങ്ങു നിശ്ചയിച്ചുവല്ലോ. ഈ ദിവ്യമാതാവിനെ നിനച്ചു സന്തോഷിക്കുന്ന ഞങ്ങൾ അവളുടെ ശക്തിയുള്ള അപേക്ഷയാൽ ഈ ലോകത്തിലുള്ള സകല ആപത്തുകളിലും നിത്യമരണത്തിലും നിന്നു രക്ഷിക്കപ്പെടുവാൻ കൃപ ചെയ്യണമേ. ഈ അപേക്ഷകളൊക്കെയും ഞങ്ങളുടെ കർത്താവീശോ മിശിഹായുടെ യോഗ്യതകളെക്കുറിച്ച് ഞങ്ങൾക്കു തരണമേ.

ആമ്മേൻ.

## 5. രാത്രിജപം

പിതാവിന്റെയും പുത്രന്റെയും പരി ശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

*(ഇന്ന് രാവിലെ ഉണർന്നപ്പോൾ മുതൽ ഈ നിമിഷംവരെയുള്ള പ്രവൃത്തികൾ ഓർ ക്കുക. ഈശോയ്ക്ക് ഇഷ്ടപ്പെട്ട എത്ര നല്ലകാര്യങ്ങൾ ചെയ്തു? ഈശോയെ വേദനിപ്പിച്ച ഏതെല്ലാം പ്രവൃത്തി ചെയ്തു? മറ്റുള്ളവരെ വേദനിപ്പിച്ചതിനെയോർത്ത് മനസ്തപിച്ച് ദൈവത്തോട് മാപ്പ് ചോദി ക്കുക. (സൗകര്യം പോലെ അവരോടും) ആരെങ്കിലും തന്നെ വേദനിപ്പിച്ചു വെങ്കിൽ, തനിക്കാരോടെങ്കിലും വിരോധ മുണ്ടെ ങ്കിൽ അവരെ പ്രത്യേകം ഓർത്ത് ഈശോയ്ക്ക് സമർപ്പിച്ചുകൊണ്ട് അവ രോട് ക്ഷമിക്കുക. കുടുംബത്തിലെ ആരെങ്കിലുമായി ഇഷ്ടക്കുറവിലാണെ ങ്കിൽ ഉറങ്ങുന്നതിനു മുമ്പു തന്നെ രമ്യതയിലെത്തുക.)*

*1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.*

എന്റെ ഈശോ നാഥാ, ഇന്നേ ദിവസം എനിക്ക് നൽകിയ നിരവധിയായ അനുഗ്രഹങ്ങൾക്ക് ഞാൻ അങ്ങേയ്ക്ക് നന്ദി പറയുന്നു. എല്ലാ ആപത്തുകളിൽ നിന്നും അപകടങ്ങ ളിൽ നിന്നും എന്നെ കാത്തു പരിപാലിച്ച എന്റെ നല്ല ദൈവമേ ഞാൻ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

കാരുണ്യവാനായ ഈശോനാഥാ, എന്നേയും എന്റെ കുടുംബത്തേയും ഞാൻ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. ഈ രാത്രിയിൽ അങ്ങേ കൃപയിലും വിശുദ്ധിയിലും ഞങ്ങളെ കാത്തുപരിപാലിക്കണമേ. പരിശുദ്ധ കന്യകാമറിയമേ അവിടുത്തെ വിമലഹൃദയത്തിന്റെ സംരക്ഷണം ഞങ്ങൾക്ക് നൽകണമേ. ഞങ്ങളുടെ കാവൽ മാലാഖമാരേ പരിശുദ്ധന്മാരേ എനിക്കും എന്റെ കുടുംബത്തിനും ഈ രാത്രിയിൽ സംരക്ഷണം നൽകണമേ. ഈശോ

മറിയം യൗസേപ്പേ എന്റെ ആത്മാവി നെയും ഹൃദയത്തെയും നിങ്ങൾക്ക് ഞാൻ കാഴ്ചവയ്ക്കുന്നു. നല്ലൊരു പ്രഭാതം കണ്ടുകൊണ്ട് അങ്ങയിൽ ഉണരുവാൻ എന്നെ അനുഗ്രഹിക്ക ണമേ.



*''എന്റെ അമ്മേ എന്റെ ആശ്രയമേ, എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ''*

*''മറിയത്തിന്റെ വിമല ഹൃദയമേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ''.*

## PRAYER

P - Praise സ്തുതിക്കുക

R - Raise ഉയർത്തുക

A - Adore ആരാധിക്കുക

Y - Yes അംഗീകരിക്കുക

E - Ecstasy നിർവൃതി

R - Rapt ലയിക്കുക

*"നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന്, കതകടച്ച് രഹസ്യമായി നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക, രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്ക് പ്രതിഫലം നൽകും" (മത്താ. 6:6)*

*"രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മദ്ധ്യേ ഞാൻ ഉണ്ടായിരിക്കും." (മത്താ. 18:20)*